(എ) ശ്രീനാരായണ ഗുരുദേവന്റെ നാമധേയത്തിലുള്ള ചെമ്പഴന്തിയിലെ അന്താരാഷ്ട്ര പഠന കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കേന്ദ്രത്തിനുവേണ്ടി ഇതുവരെ എത്രമാത്രം സ്ഥലം ഏറ്റെടുത്തു എന്നും എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഈ കേന്ദ്രം ആരംഭിക്കുവാൻ നയപരമായ തീരുമാനം എന്ന് കൈക്കൊണ്ടുവെന്നും പറയാമോ;

(ഡി) ഈ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

പട്ടിക സമുദായക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) ഉണ്ട്.

(ബി) 15.314 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. ഇതുവരെ 11,25,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) 2004-05-ലെ ബഡ്ജറ്റ് പ്രസംഗ പ്രകാരം 10-11-2004-ൽ കൂടിയ മന്ത്രി സഭായോഗമാണ് ഈ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുവാൻ തീരുമാനിച്ചത്.

(ഡി) മൂന്ന് മാസത്തിനുള്ളിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ഉദ്ദേശിക്കുന്നു.

വേലുത്തമ്പി ദളവയുടെ സ്മാരക നിർമ്മാണം

14. [*14] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേലുത്തമ്പി ദളവയുടെ സ്മാരക നിർമ്മാണത്തിനും പ്രതിമ സ്ഥാപിക്കുന്നതിനും ഏതെങ്കിലും സംഘടനകളിൽ നിന്നും സാമ്പത്തിക സഹായത്തിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷകളിന്മേൽ എന്തു തീരുമാനമെടുത്തു എന്നും, എത്ര തുക നൽകി എന്നും വെളിപ്പെടുത്തുമോ;

(സി) കുണ്ടറ വിളംബര പ്രസംഗം നടത്തിയ സ്ഥലത്ത് പ്രതിമ സ്ഥാപിക്കാൻ കുണ്ടറ വേലുത്തമ്പി ദളവാ സ്മാരക ട്രസ്റ്റ് സാമ്പത്തിക സഹായത്തിന് അപേക്ഷ സമർപ്പിച്ചിരുന്നോ; എങ്കിൽ എന്ത് തീരുമാനം കൈക്കൊണ്ടു എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടിക സമുദായക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ)—(സി) കുണ്ടറ വിളംബരം നടത്തിയ സ്ഥലത്ത് ഒരു സ്മാരകം നിർമ്മിക്കുന്നതിന് കുണ്ടറ വേലുത്തമ്പി സ്മാരക ട്രസ്റ്റ് സാമ്പത്തിക സഹായത്തിന് അപേക്ഷിച്ചിരുന്നു. ഈ സാമ്പത്തിക വർഷംതന്നെ മണ്ണടിയിൽ വേലുത്തമ്പി ദളവയുടെ പ്രതിമ സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപ അനുവദിച്ചുകൊണ്ടുള്ള ഭരണാനുമതി നൽകിയതിനാൽ മേൽപ്പറഞ്ഞ അപേക്ഷ അനുകൂലമായി പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല.

ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

15. [*ല] ശ്രീ. എ. കെ. ബാലൻ :
,, കെ. പി. സതീശ് ചന്ദ്രൻ :
,, കെ. വി. കുഞ്ഞിരാമൻ :
,, വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ നിയോഗിച്ച ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ എന്നാണ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചത്; റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) റിപ്പോർട്ടിൻ പ്രകാരം സർക്കാർ സർവ്വീസിൽ വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത പിന്നോക്ക സമുദായങ്ങൾക്കുള്ള കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന് മുൻപ് ബന്ധപ്പെട്ട വരുമായി ചർച്ച ചെയ്ത് സമവായമുണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഇത് സംബന്ധിച്ച് സർക്കാർ ഉണ്ടാക്കിയിട്ടുള്ള ഒത്തുതീർപ്പു ഫോർമുലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) 9-11-2001-ൽ ആണ് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചത്. റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(ബി)—(ഇ) ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 2-2-2006-ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly